ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM **DATE:11.04.2026**

പ്രധാനവാർത്തകൾ

1. നാസയുടെ ആർട്ടമിസ് 2 ചാന്ദ്ര ദൗത്യം പൂർത്തിയാക്കി സംഘാംഗങ്ങൾ സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി.

2. പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിന് മുന്നോടിയായി അമേരിക്കയും ഇറാനും ഇന്ന് ഇസ്ലാമാബാദിൽ ചർച്ച നടത്തും.

3. രാജ്യത്ത് ആദ്യമായി തിരഞ്ഞെടുപ്പിൽ നൂറ് ശതമാനം വെബ് കാസ്റ്റിംഗ് വിജയകരമായി നടത്തി കണ്ണൂർ ജില്ല.

4. ചിക്കമംഗളുരുവിൽ കൊക്കയിൽ വീണ് മരിച്ച നിലയിൽ കണ്ടെത്തിയ ശ്രീനന്ദയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ച് നാട്.

5. സംസ്ഥാനത്ത് ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ചിലയിടങ്ങളിൽ വേനൽമഴയ്ക്ക് സാധ്യത.

6. ഐപിഎലിലും ഐഎസ്എലിലും ഇന്ന് രണ്ട് മത്സരങ്ങൾ. ഐഎസ്എലിൽ കേരള ബ്ലാസ്റ്റേഴ്സ് - ബെംഗളൂരുവിനെ നേരിടും.

&&&&&&&&&&&&&&&&&&

RNUTVPM

ആർട്ടമിസ് - 2

പത്ത് ദിവസം നീണ്ടുനിന്ന നാസയുടെ ആർട്ടമിസ് 2 ചാന്ദ്ര ദൗത്യം പൂർത്തിയാക്കി സംഘാംഗങ്ങൾ സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി. പസഫിക്ക് സമുദ്രത്തിൽ ഇന്ന് പുലർച്ചെയാണ് ഇവരെ വഹിച്ചുകൊണ്ടുള്ള പേടകം ഇറങ്ങിയത്. കടലിൽ നിന്നും ഹെലികോപ്ടറിൽ സാൻഡിയാഗോ തീരത്തെ USS ജോൺ പി മുർത്ത കപ്പലിൽ എത്തിച്ച അംഗങ്ങളെ വൈദ്യപരിശോധന നടത്തി. ചന്ദ്രന്റെ ഇതുവരെയും മനുഷ്യർ കാണാത്ത ഭാഗം, ഒരു പൂർണ സൂര്യ ഗ്രഹണം എന്നിവയ്ക്ക് യാത്രികരായ കമാൻഡർ റീഡ് വൈസ്മാൻ, പൈലറ്റ് വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോഹ്, കാനഡയുടെ ജെറെമി ഹാൻസൺ എന്നിവർ സാക്ഷ്യം വഹിച്ചു.

&&&&&&&&&&&&&&&&&

ഐ എസ് ആർ ഒ - ഗഗൻയാൻ

ഗഗൻയാൻ ദൗത്യത്തിനു മുന്നോടിയായുള്ള, എയർ ഡ്രോപ്പ് ടെസ്റ്റ് - IADT-02, വിജയകരമായി പൂർത്തിയാക്കി, I.S.R.O. ഗഗൻയാൻ ദൗത്യത്തിൽ, ബഹിരാകാശയാത്രികർ ഇരിക്കുന്ന ക്രൂ മൊഡ്യൂളിന്റെ സുരക്ഷിതമായ വീണ്ടെടുക്കൽ ഉറപ്പാക്കാൻ ഈ സംവിധാനം അത്യാവശ്യമാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നടന്ന ആദ്യത്തെ ടെസ്റ്റ് വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നാണ് IADT-02 നടത്തിയത്. അടുത്ത വർഷം, ഇന്ത്യയുടെ ആദ്യത്തെ മനുഷ്യ ബഹിരാകാശ യാത്ര നടത്താനാണ് I.S.R.O. ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&

പശ്ചിമേഷ്യൻ സംഘർഷം

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിന് മുന്നോടിയായി അമേരിക്കയും ഇറാനും ഇന്ന് ഇസ്ലാമാബാദിൽ നേരിട്ട് ചർച്ച നടത്തും. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനുമായി മധ്യസ്ഥ ചർച്ചകൾക്ക് നേതൃത്വം

PNU TVPM

നൽകാൻ യുഎസ് വൈസ് പ്രസിഡന്റ് ജെ ടി വാൻസും ഇറാനിയൻ പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഗേർ ഖാലിബാഫിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘവും ഇസ്ലാമാബാദിലെത്തി. ഇറാന്റെ ആണവ സമ്പുഷ്ടീകരണ പദ്ധതി, ബാലിസ്റ്റിക് മിസൈൽ വികസനം, ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽ ഗതാഗതം എന്നിവ ചർച്ചയാകുമെന്നാണ് പ്രതീക്ഷ.

&&&&&&&&&&&&&&&&&&

ഏഷ്യൻ വികസന ബാങ്ക്

നടപ്പു സാമ്പത്തിക വർഷം ഇന്ത്യ 6.9 ശതമാനം വളർച്ച കൈവരിക്കുമെന്ന് ഏഷ്യൻ വികസന ബാങ്ക്. ശക്തമായ ആഭ്യന്തര ചോദനം, ലളിതമായ പണ ലഭ്യത, ഇന്ത്യൻ ഉത്പന്നങ്ങൾക്ക് മേലുള്ള കുറഞ്ഞ യുഎസ് തീരുവ എന്നിവ ഇതിനു സഹായിക്കുമെന്ന് ADB വ്യക്തമാക്കി. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ 2026 ,2027 വർഷങ്ങളിൽ ഏഷ്യ-പസഫിക്ക് മേഖലയുടെ സാമ്പത്തിക വളർച്ച 5.1 ശതമാനമായി കുറയുമെന്നും റിപ്പോർട്ടിൽ പറയുന്നു.

&&&&&&&&&&&&&&&&&&

RJD TVPM

കണ്ണൂർ വെബ് കാസ്റ്റിംഗ്

രാജ്യത്ത് ആദ്യമായി തിരഞ്ഞെടുപ്പിൽ നൂറ് ശതമാനം വെബ് കാസ്റ്റിംഗ് വിജയകരമായി നടത്തി കണ്ണൂർ ജില്ല. സമാധാനപരവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിൽ ക്യാമറകൾ ഏറെ നിർണായകമായി. വാർ റൂം മാതൃകയിലായിരുന്നു വ്യാഴാഴ്ച ജില്ലാ കളക്ടറേറ്റിലെ വെബ് കാസ്റ്റിംഗ് കൺട്രോൾ റൂം സജ്ജമാക്കിയത്. ജില്ലയിലെ 2,183 പോളിംഗ് സ്റ്റേഷനുകളിൽ സ്ഥാപിച്ച 4,366 ക്യാമറ ദൃശ്യങ്ങളിലൂടെയാണ് തിരഞ്ഞടുപ്പ് നിരീക്ഷിച്ചത്. ജില്ലാ തല കൺട്രോൾ റൂമിന് പുറമെ ഓരോ നിയോജകമണ്ഡലം അടിസ്ഥാനത്തിലും കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നു.

&&&&&&&&&&&&&&&&&&

പാലക്കാട് – ശ്രീനന്ദ

കർണ്ണാടകയിലെ ചിക്കമംഗളുരുവിൽ കൊക്കയിൽ വീണ് മരിച്ച നിലയിൽ കണ്ടെത്തിയ ശ്രീനന്ദയുടെ മൃതദേഹം പാലക്കാട്ടെ കടമ്പഴിപ്പുറം കൊല്ലിയാനിയിലെ വീട്ടിലെത്തിച്ചു. വീട്ടിലെ പൊതുദർശനത്തിൽ ശ്രീനന്ദയ്ക്ക് അന്ത്യാഞ്ജലി അർപ്പിക്കാൻ നിരവധി പേരാണ് എത്തുന്നത്. പൊതുദർശനത്തിനു ശേഷം തിരുവില്വാമല ഐവർമഠം ശ്മശാനത്തിൽ ഉച്ചയ്ക്ക് 1.30ന് മൃതദേഹം സംസ്കരിക്കും. ചൊവ്വാഴ്ച വൈകീട്ടാണ് ശ്രീനന്ദയെ മാണിക്കധാര വെള്ളച്ചാട്ടത്തിൻറെ വ്യൂ പോയിന്റിന് സമീപം കാണാതായത്. നാല് ദിവസത്തെ തിരച്ചിലിനൊടുവിലാണ് 1500 അടി താഴ്ചയിൽ ഹർഷന ഗുഫെയിൽ ഇന്നലെ മൃതദേഹം കണ്ടെത്തിയത്.

&&&&&&&&&&&&&&&&&

ലോക പാർക്കിൻസൺസ് ദിനം (ഇൻട്രോ)

ഇന്ന് ലോക പാർക്കിൻസൺസ് ദിനം."പരിചരണ വിടവ് നികത്തുക"യെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. നാഡീസംബന്ധമായ പാർക്കിൻസൺസ് രോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ്, ഈ രോഗാവസ്ഥയെക്കുറിച്ച് ആദ്യമായ വിവരിച്ച ബ്രിട്ടീഷുകാരൻ ഡോ.ജെയിംസ് പാർക്കിൻസൺസിന്റെ ജന്മദിനമായ ഏപ്രിൽ 11 ലോക പാർക്കിൻസൺസ് ദിനമായി ആചരിക്കുന്നത്.

രോഗാവസ്ഥയെപ്പറ്റി, പ്രൊഫസറും തിരുവനന്തപുരം മെഡിക്കൽ കോളേജ്, ന്യൂറോളജി വിഭാഗം മേധാവിയുമായ ഡോ.ചിത്ര ആകാശവാണിവാർത്തകളോട് ..... (ഡോക്ടർ വോയിസ്)

&&&&&&&&&&&&&&&&&&

ജ്യോതിബ ബൂലെ

ഇന്ന് സാമൂഹിക പരിഷ്കർത്താവ് മഹാത്മാ ജ്യോതിബ ബൂലെയുടെ ജന്മവാർഷിക ദിനം. 1827 ൽ ജനിച്ച അദ്ദേഹവും ഭാര്യ സാവിത്രി ബൂലെയും ജാതിവ്യവസ്ഥയ്ക്കും തൊട്ടുകൂടായ്മയ്ക്കും എതിരെ പോരാടി. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെയും പെൺകുട്ടികളുടെയും വിദ്യാഭ്യാസത്തിനും വേണ്ടി ഇരുവരും

RMU TVPM

നടത്തിയ പ്രവർത്തനങ്ങൾ ഏറെ നിർണായകമായിരുന്നു.

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപ രാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാർ ഉൾപ്പടെയുള്ളവർ ഇന്ന് പാർലമെന്റ് ഹൗസ് പരിസരത്തെ പ്രേരണ സ്ഥലിൽ ജ്യോതിബ ബൂലെയ്ക്ക് പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&&

ഇടുക്കി – ടൂറിസം (ഇൻട്രോ)

പരീക്ഷാച്ചൂടൊഴിഞ്ഞ മധ്യവേനലവധിയും വിഷുക്കാലത്തെ തുടർച്ചയായ അവധി ദിനങ്ങളും ആഘോഷിക്കാൻ മൂന്നാറിലേക്ക് സഞ്ചാരികളുടെ പ്രവാഹം. തിരഞ്ഞെടുപ്പ് തിരക്കുകൾക്ക് പിന്നാലെ എത്തിയ ഈ അവധിക്കാലം ഹൈറേഞ്ചിലെ ടൂറിസം മേഖലയ്ക്ക് വലിയ ഉണർവാണ് നൽകുന്നത്. പ്രജനനകാലം കഴിഞ്ഞ് രാജമല തുറന്നതോടെ വരയാടുകളെ കാണാനും കുളിരുതേടിയും ആയിരങ്ങളാണ് പ്രതിദിനം മൂന്നാറിലെത്തുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**
(വോയ്സ്)

&&&&&&&&&&&&&&&&&

ചൂട്+മഴ

സംസ്ഥാനത്ത് ഉയർന്ന അന്തരീക്ഷ താപനിലയെ തുടർന്ന് വയനാട്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട് ജില്ലയിൽ 39 ഡിഗ്രി വരെയും കൊല്ലം ജില്ലയിൽ 38 ഡിഗ്രി വരെയും പകൽ താപനില ഉയരും. അതേസമയം ഇന്ന് ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ വേനൽ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&

അഗ്നിവീർ

കരസേനയിലെ അഗ്നിവീർ ജനറൽ ഡ്യൂട്ടി & ട്രേഡ്സ് മാൻ പത്താം ക്ലാസ് വിഭാഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി മൈസൂരുവിലെ ചാമുണ്ടി വിഹാർ

RNU TVPM

സ്റ്റേഡിയത്തിൽ ഈ മാസം 19 മുതൽ 26 വരെ സംഘടിപ്പിക്കും. ബാംഗ്ലൂർ റിക്രൂട്ടിംഗ് ആസ്ഥാനത്തിൻ്റെ ആഭിമുഖ്യത്തിൽ നടത്തുന്ന റാലിയിൽ കേരളം, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. കഴിഞ്ഞ വർഷം ജൂൺ 30 മുതൽ ജൂലൈ 10 വരെ നടത്തിയ ഓൺലൈൻ പൊതു പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കാണ് ഈ അവസരം.

&&&&&&&&&&&&&&&&&

പത്തനംതിട്ട – ശബരിമല (ഇൻട്രോ)

മേട, വിഷു പൂജകൾക്കായി നട തുറന്ന ശബരിമല സന്നിധാനത്ത് ഇന്നു മുതൽ നട അടയ്ക്കുന്ന 18 വരെ വിശേഷാൽ പൂജകൾ നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.....
(വോയ്സ്)

&&&&&&&&&&&&&&&&&

ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. പഞ്ചാബ് കിംഗ്സ്-സൺറൈസേഴ്സ് ഹൈദരാബാദ് മത്സരം വൈകിട്ട് 3.30 ന് നടക്കും. രാത്രി 7.30 ന്, ചെന്നൈ സൂപ്പർ കിംഗ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&&&&&

ഐ എസ് എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് അഞ്ചിന് ചെന്നൈയിലാണ് മത്സരം. രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&

RNU TVPM

നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&

RNU TVPM